വില്ലേജുകളിൽകൂടി ഇത് എത്തിക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. പൂർണ്ണമായി അണ്ടർഗ്രൗണ്ട് കേബിളിംഗ് നടത്തിയാലും ഈ പറയുന്നതിന്റെ കുറെ മാറ്റങ്ങൾ ഉണ്ടാകും . പക്ഷേ അതിന് ഭീമമായ ഒരു സംഖ്യ ആവശ്യമായിവരും. ക്രമേണയായി അത് ചെയ്തുകൊണ്ടിരിക്കുകയാണ്.

6. ഗവൺമെന്റ് കോളേജിന് അഡീഷണൽ ഫണ്ട്

<u>ശ്രീ. ജി. സുധാകരൻ:</u> സർ, ആലപ്പുഴ ജില്ലയിലെ ഏക ഗവൺമെന്റ് കോളേജ് അമ്പലപ്പുഴ ഗവൺമെന്റ് കോളേജാണ് . 2010-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും 2011 -ൽ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ഇപ്പോൾ നാല് വർഷം കഴിഞ്ഞു. കോളിജ് കെട്ടിടത്തിന്റെ പണി ഏകദേശം പൂർത്തിയായിട്ടുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ മന്ത്രി ആ കാര്യത്തിൽ താൽപ്പര്യം കാണിച്ചിട്ടുണ്ടെന്ന് പറയുവാൻ കഴിയും. പക്ഷേ കോളേജിന്റെ നിർമ്മാണം കഴിഞ്ഞെങ്കിലും കോളേജ് കോമ്പൗണ്ട്, കോമ്പൗണ്ട് വാൾ, ഗേറ്റ്, ലാന്റ് സ്കേപിംഗ് , ലേയിംഗ്, ശുദ്ധജല വിതരണം, കമ്പ്യൂട്ടർ ലാബ് സൗകര്യം, ഭക്ഷണശാല,മൂത്രപ്പുരകൾ എന്നിവ നടപ്പാക്കാത്തതുകൊണ്ട് ഹൈസ്കൂളിൽനിന്നും കോളേജിനെ മാറ്റാൻ കഴിയുന്നില്ല. രാജവാഴ്ചക്കാലത്ത് സ്ഥാപിച്ച ഇപ്പോൾ അമ്പലപ്പുഴ ജംഗ്ഷനിൽ സ്ഥിതിചെയ്യുന്ന കുഞ്ചുപിള്ള സാമാരക ഹയർസംക്കന്ററി സ്കൂളിലാണ് ഈ കോളേജും പ്രവർത്തിക്കുന്നത്. അത് വളരെ പ്രയാസമുണ്ടാക്കുന്നുണ്ട്. ഭൗതിക സാഹചര്യം ഒരുക്കുന്നതിൽ കേളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടായിട്ടുണ്ട് . ഡയറക്ടറുടെ ശ്രദ്ധയിൽ നിരന്തരം പെടുത്തിയെങ്കിലും അധിക ഫണ്ട് വന്നിട്ടില്ലെന്ന് പറയുന്നു. തീർച്ചയായിട്ടും അങ്ങ് മുൻകൈയെടുത്ത് ഫണ്ട് അനുവദിച്ച് എത്രയും വേഗം അത് പൂർത്തീകരിച്ച് കോളേജ് അങ്ങോട്ട് മാറ്റുകയും അങ്ങ് തന്നെ വന്ന് അത് ഉത്ഘാടനം നിർവ്വഹിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.ഒരുകാര്യം കൂടിപറയാം , ഈ ഗവൺമെന്റ് കോളേജിൽ അഡ്മിഷനുവേണ്ടി വരുന്ന കുട്ടികൾ വളരെ ഉന്നതമായ മാർക്ക് നേടിയിട്ടുള്ള കുട്ടികളാണ് സാമ്പത്തികമായി ഏറ്റവുമധികം പ്രയാസമനുഭവിക്കുന്ന കുടുംബങ്ങളിലെ കുട്ടികളാണെങ്കിലും വലിയ തലത്തിലുള്ള മാർക്കാണ് നേടിയിട്ടുള്ളത്. ബി. എ. എക്കണോമിക്സ് 80 ശതമാനത്തിന് താഴെ മാർക്കുള്ള ആർക്കും അഡ്മിഷൻ കിട്ടുന്നില്ല . അവിടെയുള്ള സ്വകാര്യ എയ്ഡഡ് കോളേജുകളിൽ ബി. എ. ആർട്സ് വിഷയങ്ങളിൽ 50,000 രൂപ വരെയാണ് മാനേജ്മെന്റ് ക്വാട്ടയിൽ കൈക്കൂലി വാങ്ങുന്നത്. ബി. എസ്സി. വിഷയങ്ങൾക്കും കൊമേഴ്സ് വിഷയങ്ങൾക്കും ഒരു ലക്ഷം രൂപയാണ് അവിടത്തെ പ്രൈവറ്റ് കോളേജുകൾ

LIBRARY ARCHIVES Kerala Legislative Assembly

കൈക്കുലി ഇനത്തിൽ വാങ്ങുന്നതെന്നുള്ള വിവരം കൂടി അങ്ങ് അറിഞ്ഞിരിക്കണം . ആ വിഷയത്തിലേയ്ക്ക് കടക്കാനല്ല, മത്സ്യത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, ഇടത്തരക്കാർ, കൃഷിക്കാർ എന്നിവരുടെ കുട്ടികൾക്ക് ഒരു പൈസപോലും കൈക്കുലിയായി നൽകാതെ അവരുടെ അഡ്മിഷനുവേണ്ടിയാണ് ഗവൺമെന്റ് ഈ കോളേജ് ഉണ്ടാക്കിയിട്ടുള്ളത്. അഭിമാനപൂർവ്വം ഇവിടെ മറ്റു കുട്ടികളോടൊപ്പം എസ്. സി. എസ്. ടി., ധീവര, മുസ്ലീം,ലത്തീൻ കുട്ടികൾ പഠിക്കുകയാണ് . ആ കോളേജിനെ അങ്ങ് സഹായിച്ചിട്ടുണ്ട്, കുറച്ച് അനാസ്ഥ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. ആനയെ വാങ്ങി വട്ടക്കയർ വാങ്ങിയിട്ടില്ലെന്നുള്ള സ്ഥിതിയാണ് . അതുകൊണ്ട് അങ്ങ് ഇടപെട്ട് വേഗം ഈ സൗകര്യങ്ങൾ ഉണ്ടാക്കുകയും അവിടെനിന്ന് കോളേജിനെ മാറ്റി ഉദ്ഘാടനം ചെയ്യുന്നതിന് സഹായിക്കുകയും ചെയ്യണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി, (ശ്രീ. പി. കെ. അബ്ദു റബ്ബ്): അമ്പലപ്പുഴ ഗവൺമെന്റ് കോളേജിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിലും അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് പ്രസ്തുത കെട്ടിടത്തിന്റെ നമ്പരിടൽ റഗുലറൈസേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കെ. എസ്. ഇ. ബി.-യിൽ നിന്നും വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭ്യമാക്കാത്തതിനാലാണ് പുതിയ കെട്ടിടത്തിൽ കോളേജിന് പ്രവർത്തിക്കാൻ സാധിക്കാത്തത് . കെട്ടിടത്തിന് നമ്പരിടുന്നതിനുള്ള പ്രൊപ്പോസൽ അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട് . ആയത് ലഭിച്ചാലുടൻ കോളേജിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി കോളേജ് പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതാണ് . കോളേജിന് ചുറ്റുമതിൽ , ഗേറ്റ്, ഡ്രെയിനേജ് എന്നിവ നിർമ്മിക്കുന്നതിനുള്ള 1.25 കോടി രൂപയുടെ എസ്റ്റിമേറ്റിന് 27-6-2015 -ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കോളേജ് ഓഫീസ്, ലൈബ്രറി, സ്റ്റാഫ് റൂം എന്നിവയുടെ ക്യാബിൻ നിർമ്മാണത്തിനും കോളേജിലേയ്ക്കുള്ള ശുദ്ധജല വിതരണത്തിനും ആവശ്യമുള്ള ഫർണിച്ചറുകൾ വാങ്ങുന്നതിലേയ്ക്കായി ഈ വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും കോളേജ് ഇൻഫ്രാസ്ട്രക്ചർ അക്രഡിറ്റേഷൻ പ്രോഗ്രാമിന് 8.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.കോളേജിൽ ലാബ് സൗകര്യം ഒരുക്കുന്നതിന് ഈ വർഷത്തെ പ്ലാൻഫണ്ടിൽനിന്നും ലാബ്, ലൈബ്രറി ശീർഷകത്തിൽ 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട് . കൂടാതെ കോളേജ് അങ്കണത്തിൽ തറയോട് പാകുന്നതിനും കോളേജ് മോടി പിടിപ്പിക്കുന്നതിനുമായി ഈ വർഷത്തെ പ്ലാൻഫണ്ടിൽനിന്നും 14.72 ലക്ഷം രൂപ കൂടി അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly